ബന്ധപ്പെട്ട തർക്കവുമാണ് ഉണ്ടായത്. വഞ്ചിയൂരും പരിസരപ്രദേശങ്ങളിലും ഉണ്ടായ സംഭവത്തിൽ ഉൾപ്പെട്ടവർക്ക് വ്യത്യസ്ത രാഷ്ട്രീയാഭിപ്രായമുണ്ട്. അത് നിങ്ങൾ തന്നെ ഇവിടെ പറഞ്ഞല്ലോ. പക്ഷേ ഇതിനെ ഒരു രാഷ്ട്രീയ സംഭവമായി ചിത്രീകരിക്കത്തക്കതല്ല. കേസന്വേഷണം ഊർജിതമായി നടത്തുന്നതാണ്. പ്രതികളെ ഉടനെ പിടി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു. മെംബർ പറഞ്ഞ കുറ്റവാളികളെ നാലുപേരെയും അറസ്റ്റു ചെയ്തിട്ടുണ്ട്. അക്രമികൾക്കെതിരെ മുഖം നോക്കാതെ ശക്തമായ നടപടിയെടുക്കാൻ നിർദ്ദേശമുണ്ട്. ഒരു രാഷ്ട്രീയവും ഇതിൽ ഇല്ല. ഇത് വീട് വാടകയ്ക്ക് കൊടുക്കലും അതിൽ സംരക്ഷണം കൊടുക്കലുമാണ്. സംരക്ഷണം കൊടുക്കാത്ത പോലീസുകാരുടെമേൽ നടപടിയെടുക്കും. അതുകൊണ്ട് കുറ്റവാളികൾക്കെതിരെ രാഷ്ട്രീയം നോക്കാതെ നടപടിയെടുക്കാൻ പറഞ്ഞിട്ടുണ്ട്. സ്ഥലത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർ അവിടെ സന്ദർശിച്ച് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. ഹൈക്കോടതി പറഞ്ഞതനുസരിച്ച് പോലീസ് സംരക്ഷണം ശ്രീമതി മഹേശ്വരിക്ക് നൽകിയിട്ടുണ്ട്. ഇതിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച്, ഇനി കൂടുതലായി എന്തെങ്കിലും നടപടിയെടുക്കണമെങ്കിൽ നടപടിയെടുക്കും. യാതൊരു വിട്ടു വീഴ്ചയും ഇതിൽ ചെയ്യില്ല. മഹേശ്വരി അമ്മയ്ക്ക് സംരക്ഷണം കൊടുത്തിട്ടുമുണ്ട്. അതാണ് സ്ഥിതി. ഈ വസ്തു തർക്കത്തിൽ കുറ്റവാളികളെ സംരക്ഷിക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് ചെയർ അനുമതി നിഷേധിക്കുന്നു.

III. ശ്രദ്ധക്ഷണികൽ

1. സംസ്ഥാനത്തെ മത്സ്യ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മത്സ്യ വ്യവസായം ഇന്ന് നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് ബഹു. സർക്കാരിന്റെയും ഈ സഭയുടെയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ആയിരത്തോളം കോടി രൂപയുടെ കയറ്റുമതി കേരളത്തിൽ മാത്രമായി നടക്കുന്നു. ഈ വ്യവസായത്തിൽ ഏറ്റവും പ്രധാനപ്പെട്ട എല്ലാ ഘടകങ്ങളും ഈ വരുന്ന ഏപ്രിൽ 4-ാം തീയതി മുതൽ അടച്ചിടുമെന്ന മുന്നറിയിപ്പ് സർക്കാരിന് നൽകിയിരുന്നു. സീ ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ, ആൾ കേരളാ പ്രാൺസ് പീലിംഗ് അസോസിയേഷൻ, സീ ഫുഡ് ഏജന്റ്സ് അസോസിയേഷൻ, ഐസ് പ്ലാന്റ് അസോസിയേഷൻ, കേരളാ ട്രോളർ ബോട്ട് അസോസിയേഷൻ അങ്ങനെ ഈ രംഗത്ത്, മെക്കനൈസ്ഡ് ഫിഷിംഗ് രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ വിഭാഗങ്ങളും ഒത്തൊരുമിച്ച് മന്ത്രിമാർക്ക് നിവേദനം നൽകിയിരിക്കുന്നു. നാലാം തീയതിക്കു മുമ്പായി അവരുടെ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ അവർ അടച്ചിടുമെന്നാണ് പറയുന്നത്. മത്സ്യ കയറ്റുമതി ആരംഭിച്ചത് 1953-ലാണ് ഏകദേശം പത്തു ലക്ഷത്തോളം ആളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന തൊഴിൽ ദായകമേഖലയായി ഇത് വളർന്നിരിക്കുന്നു. പക്ഷേ കഴിഞ്ഞ കുറെ വർഷങ്ങളായി പ്രതികൂലമായ

(അദ്ധ്യക്ഷവേദിയിൽ പി. രാഘവൻ)

LIBRARY ARCHIVES Kerala Legislative Assembly

പല ഘടകങ്ങളും ഈ വ്യവസായത്തിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്തിരിക്കുകയാണ്. 1994-ൽ ഗുജറാത്തിലുണ്ടായ പ്ലേഗ് ബാധയും കടലാമയെ സംരക്ഷിക്കുന്നതിന് വേണ്ട നിയമം ഉണ്ടാക്കാത്തതിന് അമേരിക്ക ഏർപ്പെടുത്തിയ കയറ്റുമതി നിയന്ത്രണവും യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ഉപരോധവും ഈ വ്യവസായത്തെ തകർക്കുകയുണ്ടായി. വിദേശ ട്രോളറുകൾ വന്നതോടെ സമുദ്ര വിഭവങ്ങൾ ദുർലഭമാകാൻ തുടങ്ങി. കേരളത്തിൽ മത്സ്യ കയറ്റുമതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേരളത്തിൽനിന്നും കയറ്റി അയയ്ക്കുന്നത് കൂടുതലായും ചെറിയതരം ചെമ്മീനാണ്. ഇതിൽ 40 ശതമാനത്തോളം മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുത്തി ഇവിടെനിന്നും സംസ്കരിച്ചു പോകുന്നവയാണ്. കേരളത്തിൽ ഇന്നുള്ള 104 കയറ്റുമതി സംസ്കരണ ശാലകളിൽ 30 എണ്ണം പ്രവർത്തിക്കുന്നില്ല. 27 എണ്ണം ഡി.ആർ.ടി. കേസിലും 3 എണ്ണം ബി.ഐ.എഫ്. ആറിന്റെ നിയന്ത്രണത്തിലുമാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് കയറ്റുമതി സ്ഥാപനങ്ങൾ അവയുടെ ടോട്ടൽ ടേണോവറിന്റെ 1 ശതമാനം അടയ്ക്കണം എന്നാണ് നിയമം. ഏകദേശം 18 കോടിയോളം രൂപ ഈയിനത്തിൽ കുടിശ്ശികയായി അടയ്ക്കാനുണ്ട്. നിവേദനങ്ങളുടെയൊക്കെ ഫലമായി 1997 ജൂലായ് മാസത്തിൽ ക്ഷേമനിധിയിലേയ്ക്ക് പിരിവ് നിർത്തി വച്ചുകൊണ്ടുള്ള ഒരു സ്റ്റേ സർക്കാർ കൊടുത്തിരുന്നു. 11.8.1997-ൽ കേന്ദ്ര ഗവൺമെന്റിലെ റിട്ടയേഡ് സെക്രട്ടറി ശ്രീ. പി.എം. എബ്രഹാം അദ്ധ്യക്ഷനായി ഈ രംഗത്തെ പ്രശ്നം പരിഹരിക്കുന്നതിന് കേരള ഗവൺമെന്റ് ഒരു കമ്മിറ്റി വച്ചു. ഞാനും ആ കമ്മിറ്റി മുമ്പാകെ തെളിവു കൊടുത്ത ആളാണ്. ഇതുവരെ റിപ്പോർട്ട് വന്നില്ല. അതിനിടെ സർക്കാരുമായി നടത്തിയ കൂടിയാലോചനയുടെ വെളിച്ചത്തിൽ 1,80,00,000 രൂപ കയറ്റുമതിക്കാർ കുടിശ്ശിക അടയ്ക്കുകയുണ്ടായി. കയറ്റുമതിക്കാരുടെ വിഹിതം കിട്ടിയെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻ കഴിയുകയുള്ളൂ. ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതം യുക്തിസഹമായി പുനഃപരിശോധിക്കേണ്ടതുണ്ട്. അയൽ സംസ്ഥാനങ്ങളിലൊന്നും ഈ ഏർപ്പാടില്ല. അതുകൊണ്ടുതന്നെ കേരളത്തിൽ പ്രവർത്തിക്കുന്ന പല കയറ്റുമതി സ്ഥാപനങ്ങളും അയൽ സംസ്ഥാനത്തേക്ക് കുടിയേറാറുണ്ട്. കുടിശിക യുടെ പേരിലുള്ള നടപടികൾ നിർത്തിവയ്ക്കുകയും എബ്രഹാം കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ വെളിച്ചത്തിൽ കയറ്റുമതിക്കാരുമായി ചർച്ച ചെയ്ത് ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതത്തിന്റെ തോത് നിശ്ചയിക്കുകയും, അത് ഷിപ്പിംഗ് നടത്തുമ്പോലെതന്നെ പിരിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാകുകയും ചെയ്തില്ലെങ്കിൽ വീണ്ടും കുടിശ്ശിക കൂടും. അതുപോലെതന്നെ സമുദ്രോല്പന്ന കയറ്റുമതി വ്യവസായസ്ഥാപനങ്ങളെ പീഡിത വ്യവസായമായി പ്രഖ്യാപിക്കണമെന്നാണ് മറ്റൊരാവശ്യം. അതുപോലെ ഡി.ആർ.ടി. കേസുകളിൽ ഒരു തീരുമാനം ഉണ്ടാകണം. കെ.എഫ്.സി- ദേശവൽകൃത ബാങ്കുകളിൽ നിരവധി പേർക്ക് വലിയ എമൗണ്ട് അടയ്ക്കാനുണ്ട്. അതുകൊണ്ട് പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ടാൽ അവർക്ക് പലിശയിളവ് കിട്ടുമോയെന്ന് ആലോചിക്കണം. അതുപോലെ ഐസ് പ്ലാന്റുകൾക്ക് വൈദ്യുതിക്കുവേണ്ടി ഒരു സബ്സിഡി നമ്മൾ കൊടുത്തിരുന്നു. അത് ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ല. അതുപോലെ തന്നെ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി വേണം എന്ന ഒരു ആവശ്യം ഉന്നയിച്ചിരുന്നു. അതുപോലെ മത്സ്യഫെഡുമായി ബന്ധപ്പെടുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ അങ്ങേയ്ക്ക് ഒരു നോട്ട് തന്നിരുന്നു. 9 എച്ച്.പി. തൊട്ട് 25 എച്ച്.പി. വരെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിക്കുന്ന വള്ള

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് 350 ലിറ്റർ മണ്ണെണ്ണയാണ് കൊടുക്കുന്നത്. ഒരു വലിയ വഞ്ചിയും ഒരു കാരിയർ വഞ്ചിയുമുള്ള ഒരു ഗ്രൂപ്പിന് 5 എഞ്ചിൻ വേണം കടലിൽ പോകണമെങ്കിൽ. ആയിരം ലിറ്റർ മണ്ണെണ്ണ വേണ്ടിടത്ത് 350 ലിറ്റർ മണ്ണെണ്ണ മാത്രമേ കൊടുക്കുന്നുള്ളൂ. ഇന്നലെ മണ്ണെണ്ണയുടെ വില ഇരട്ടിയാക്കി. വഞ്ചിയിൽ മണ്ണെണ്ണ വച്ച് കടലിലേക്ക് പോകാനുള്ള സാഹചര്യംപോലും ഇന്ന് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതുപോലെ തന്നെ മത്സ്യഫെഡ് വഴി വിൽക്കുന്ന എഞ്ചിന് 1500 രൂപ തൊട്ട് 7000 രൂപ വരെ വില അധികമാണ്. എന്തുകൊണ്ടാണ് ഈ വിലവർദ്ധനവെന്ന് അങ്ങ് പരിശോധിക്കണം. അതുപോലെ ലോൺ കൊടുക്കുമ്പോൾ മത്സ്യഫെഡിന് നേരിട്ട് ലോൺ 40 ശതമാനം സബ്സിഡിയുണ്ടായിരുന്നു. ഇപ്പോൾ അത് 22 ശതമാനമായി കുറച്ചു എന്നു മാത്രമല്ല, ലോൺ പാസ്സാകുമ്പോൾ 15 ശതമാനം അഡ്വാൻസായിട്ട് അടയ്ക്കേണ്ടി വരുന്നു. അതുകൊണ്ട് പലപ്പോഴും നാം ഉദ്ദേശിക്കുന്ന രീതിയിൽ ഈ തൊഴിലാളികൾക്ക് കടബാദ്ധ്യതയിൽനിന്നും ഒഴിവാകാൻ കഴിയുന്നില്ല. വീണ്ടും അവർ തരകൻമാരുടെ കടക്കാരായി മാറിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതം 30 രൂപ എന്നുള്ളത് 50 രൂപ ആക്കി മാറ്റി. അത് അത്രയും വേണമോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. രണ്ടു കൊല്ലത്തെ വിഹിതം മുൻകൂറായി അടയ്ക്കേണ്ടിവരുന്നു അതും ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. തൊഴിലാളിക്ക് അപകടം സംഭവിച്ചാൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്കുള്ള പണം ഇപ്പോൾ ക്ഷേമനിധി ബോർഡ് കൊടുക്കുന്നില്ല. നമ്മുടെ പല സർക്കാർ ആശുപത്രിയിലും ആധുനിക ഫെസിലിറ്റീസ് ഇല്ല. അതുകൊണ്ട് വളരെ ഗുരുതരമായ അപകടം ഉണ്ടാകുമ്പോൾ സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്ക് പോയാലും ഈ തൊഴിലാളിക്ക് ക്ഷേമനിധിയിൽനിന്ന് പണം അനുവദിക്കാനുള്ള സംവിധാനം ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു പഴഞ്ചൊല്ലുണ്ടല്ലോ, "ഇല വന്നു മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും കേട് ഇലയ്ക്ക് തന്നെയാണ്". മത്സ്യ വ്യവസായ രംഗത്തുണ്ടാകുന്ന ഏത് പ്രതിസന്ധിയും അന്തിമമായി ബാധിക്കുന്നത് നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെയാണ്. അതുകൊണ്ട് ഈ വ്യവസായ രംഗത്ത് ഇന്ന് ഉണ്ടായിട്ടുള്ള പ്രതിസന്ധി കണക്കിലെടുത്ത് അടിയന്തിരമായി, ബന്ധപ്പെട്ടവരെ വിളിച്ച് ചർച്ച ചെയ്ത് അവരുടെ കുടിശ്ശിക അടപ്പിക്കണം. പ്രായോഗികമായി നമ്മുടെ ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കാനുള്ള സെസ്സിന്റെ പരിധി നിർണ്ണയിച്ച് അത് കൃത്യമായി അടപ്പിച്ച് നമ്മുടെ തൊഴിലാളിക്ക് പെൻഷൻ കൊടുപ്പിക്കണം. ഇപ്പോൾത്തന്നെ 20 മാസത്തെ കുടിശ്ശിക ആയിട്ടുണ്ട്. രണ്ടു ദിവസത്തിനു മുമ്പ് ബഹു. ധനകാര്യ മന്ത്രി 20 രൂപ കൂട്ടി. പക്ഷേ കൂട്ടിയതിന്റെ പ്രയോജനം നമുക്ക് കിട്ടുന്നില്ല. ഈ ക്ഷേമനിധിയിലേയ്ക്ക് കച്ചവടക്കാരുടെയും എക്സ്പോർട്ടേഴ്സിന്റെയും വിഹിതം കിട്ടിയെങ്കിൽ മാത്രമേ നമുക്ക് കൊടുക്കാൻ കഴിയൂ. അതുകൊണ്ട് അടിയന്തിരമായി ബഹു. ഗവൺമെന്റ് ഈ രംഗത്ത് ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഫിഷറീസും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഒരുപാട് ആവശ്യങ്ങളാണ് ഇതിൽ ഉന്നയിച്ചിട്ടുള്ളത്, അതിൽ പരസ്പര വൈരുദ്ധ്യങ്ങളും പ്രകടമാകുന്നുണ്ട്. പെൻഷൻ കൊടുക്കാൻ വേണ്ടിയാണ് അവരോട് പൈസ പിരിക്കുന്നത്. ആ പിരിക്കുന്നത് സ്റ്റോ ചെയ്യണം പെൻഷൻ കൊടുക്കുകയും വേണം, അത് രണ്ടുംകൂടി എങ്ങനെയാണ് നടക്കുന്നത്? മത്സ്യക്കയറ്റുമതി സ്ഥാപനങ്ങൾ ആരംഭിക്കാൻ നിശ്ച

LIBRARY ARCHIVES Kerala Legislative Assembly

യിച്ചിട്ടുള്ള സമരം, മത്സ്യഫെഡ് സബ്സിഡിയിൽ കുറവ് വരുന്നു എന്നുള്ള കാര്യം, മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക, ജനകീയ മത്സ്യക്കൃഷി ഈ നാലു വിഷയങ്ങളെ സംബന്ധിച്ചും വളരെ ചുരുക്കമായി ഞാൻ മറുപടി പറയാം. മത്സ്യക്കയറ്റുമതി സ്ഥാപനങ്ങൾ ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡിൽ അടച്ചുതീർക്കാനുള്ള കുടിശ്ശിക 31.12.1999 വരെ അസസ് ചെയ്തിട്ടുള്ളത് 20.66 കോടി രൂപയാണ്. ഇതിൽ 14.02 കോടി രൂപ വസൂലാക്കാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരിക്കുന്നു. മത്സ്യ കയറ്റുമതിക്കാരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയുക്തമായ പി.എം. എബ്രഹാം കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്നതുവരെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കണമെന്ന അവരുടെ അഭ്യർത്ഥനയെ മാനിച്ച് കുടിശ്ശിക വന്നിട്ടുള്ള തുക 24 മാസത്തവണകളായി അടയ്ക്കാൻ സമയം അനുവദിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1 കോടി 70 ലക്ഷം രൂപ തവണകളായി അടച്ചു. പക്ഷേ ജനുവരി മാസം മുതലുള്ള തവണകൾ അടയ്ക്കുന്നതിൽ വീണ്ടും കുടിശ്ശിക വരുത്തിയിരിക്കുകയാണ്. തവണകൾ മുടക്കംകൂടാതെ പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർബന്ധിതമായിരിക്കുകയാണ്. കയറ്റുമതി സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന തുക കൂടി ഉപയോഗിച്ചുകൊണ്ടാണ് മത്സ്യത്തൊഴിലാളി പെൻഷൻ നൽകേണ്ടത്. മത്സ്യത്തൊഴിലാളി പെൻഷൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 100 രൂപയായി വർദ്ധിപ്പിച്ചു. 21 മാസത്തെ കുടിശ്ശികയും കൊടുത്തു തീർക്കാനുണ്ടായിരുന്നു. വർദ്ധിപ്പിച്ച പെൻഷൻ കൊടുത്തു തീർക്കാനും കുടിശ്ശിക കുറച്ചുകൊണ്ടുവരുവാനും കഴിയുന്നത്, കിട്ടാനുള്ള പണം യഥാസമയം പിരിച്ചെടുക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ്. ഇപ്പോൾ 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. ഇത് കൊടുത്തുതീർക്കണമെങ്കിൽ കയറ്റുമതിക്കാർ അവരുടെ വിഹിതം അടച്ചെങ്കിലേ കഴിയൂ. എന്തായാലും ഈസ്റ്ററിനും വിഷുവിനും മുമ്പ് ആറുമാസത്തെ പെൻഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഏപ്രിൽ മാസം മുതൽ പെൻഷൻ 120 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യും. യൂറോപ്പിലെ ഗവൺമെന്റ് നിരോധനം നിർത്തി കയറ്റുമതി സ്ഥാപനങ്ങളെ ബുദ്ധിമുട്ടിപ്പിച്ചിട്ടില്ല. അന്ന് പണം അടയ്ക്കുന്നതിൽനിന്നും അവർക്ക് സാവകാശം നൽകിയിരുന്നു. ഇപ്പോൾ നിരോധനം നീങ്ങി മത്സ്യക്കയറ്റുമതി വർദ്ധിപ്പിച്ചിട്ടുണ്ട്. അത് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്നതാണെന്നാണ് റെപ്രസന്റേഷൻ വന്നത്. പീലിംഗ് ഷെഡ്ഡുകളിലേയും മറ്റ് അനുബന്ധ തൊഴിൽ ശാലകളിലെയും തൊഴിലാളികൾക്കുംകൂടി പുതിയ ക്ഷേമനിധിയും നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കും പണം സ്വരൂപിക്കേണ്ടതാണ്. അവരുടെ പ്രശ്നങ്ങൾ എബ്രഹാം കമ്മിറ്റി റിപ്പോർട്ട് വരുമ്പോൾ പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കാൻ സഹായകമായ തീരുമാനമാണ് കയറ്റുമതിക്കാർ സ്വീകരിക്കേണ്ടത്. റിപ്പോർട്ട് വരുന്നതിനു മുമ്പുതന്നെ ഏപ്രിൽ നാലു മുതൽ ഫാക്ടറികൾ അടച്ച് സമരം ചെയ്യും എന്നു പറയുന്നത് ന്യായീകരിക്കാനാകാത്തതാണ്. ഈ സമരത്തിൽനിന്ന് പിൻതിരിയും എന്നുതന്നെയാണ് എന്റെ വിശ്വാസം. മറ്റൊരു കാര്യം മത്സ്യഫെഡ് സബ്സിഡികൾ വെട്ടിച്ചുരുക്കി എന്ന ആരോപണത്തെ സംബന്ധിച്ചാണ്. മത്സ്യം വളർത്തണമെന്നും പരമാവധി മത്സ്യോല്പാദനം വർദ്ധിപ്പിക്കണമെന്നുമാണ്. ഇതിനുള്ള പരിശ്രമമായാണ് ജനകീയ മത്സ്യക്കൃഷി നടത്തിവരുന്നത്. ഉപയോഗശൂന്യമായിക്കിടക്കുന്ന പതിനായിരം ഹെക്ടർ പ്രദേശത്ത് ഇപ്പോൾ മത്സ്യക്കൃഷി നടക്കുകയാണ്. 30,000 പേർക്ക് നേരിട്ട് തൊഴിൽ സൗകര്യം ലഭിച്ച ഈ പദ്ധതി വഴി മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാനും 100 കോടി രൂപയുടെ അധികവരുമാനം ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാനും സാധിച്ചു. ഈ പദ്ധതിയുടെ ആനുകൂല്യം മത്സ്യത്തൊഴിലാളികൾ, മത്സ്യക്കൃഷിക്കാർ, മത്സ്യ ഉപഭോക്താക്കൾ, മത്സ്യ വില്പന വിതരണ മേഖലയിലെ മറ്റുള്ളവർ എന്നിങ്ങനെ എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഈ പദ്ധതി കൂടുതൽ പ്രദേശത്ത് നടപ്പാക്കാൻ എല്ലാവരുടെയും സഹകരണം ഉണ്ടായാൽ നമ്മുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ഒരുക്കാനും കഴിയും. ചുരുക്കത്തിൽ മത്സ്യ വ്യവസായത്തിനോ നടത്തിപ്പിലോ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ മത്സ്യോല്പാദന വികസന പ്രവർത്തനങ്ങളിലോ ബഹുമാനപ്പെട്ട മെമ്പർ ആശങ്കപ്പെട്ട തരത്തിലുള്ള പ്രതിസന്ധി ഇല്ലെന്നുമാത്രമല്ല, മത്സ്യമേഖലയിൽ പുതിയ ഉണർവാണ് എന്നും വ്യക്തമാക്കുന്നു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഈ ക്ഷേമനിധിയിലേയ്ക്ക് പണം വന്നെങ്കിൽ മാത്രമേ നമുക്ക് തൊഴിലാളികൾക്ക് പണം കൊടുക്കാൻ കഴിയൂ. ഞാൻ പരിപൂർണ്ണമായിട്ട് യോജിക്കുകയാണ്. പക്ഷേ ഈ പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്നതുപോലെയുള്ള നടപടിയിലേക്ക് പോയിട്ട് കാര്യമില്ല. അങ്ങേയ്ക്ക് തന്നെ ബോദ്ധ്യമുള്ള കാര്യമാണ്. ഇപ്പോൾ വച്ചിരിക്കുന്ന പെർസന്റേജിനെക്കുറിച്ചുള്ള ഒരു അശാസ്ത്രീയത ആ റിപ്പോർട്ടിനകത്തുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് പി.എം. എബ്രഹാം കമ്മിറ്റി റിപ്പോർട്ട് വരുത്തി, ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ബന്ധപ്പെട്ടവരെ വിളിച്ച് ഒരു ഉന്നതതല ചർച്ച നടത്തി എത്രയും വേഗം പരിഹാരം കാണാനുള്ള നീക്കം ഉണ്ടാകുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, ഈ റിപ്പോർട്ട് ഗവൺമെന്റിന്റെ കൈയിൽ കിട്ടിക്കഴിഞ്ഞിട്ടില്ല. കിട്ടിക്കഴിഞ്ഞാൽ ഇത് എന്തു ചെയ്യണം എന്നുള്ളതിനെപ്പറ്റി ആലോചിക്കാം.

2. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. എളമരം കരീം</u> : സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. മലബാറിന്റെ സിരാകേന്ദ്രമായ കോഴിക്കോട്ട് ഒരു വിമാനത്താവളം ഉണ്ടാവുക എന്നത് മലബാറുകാരുടെ ആകെ സ്വപ്നമായിരുന്നു. ദീർഘകാലം നീണ്ടുനിന്ന ജനകീയ പ്രക്ഷോഭങ്ങളുടെ സമ്മർദ്ദ ഫലമായിട്ടാണ് ഒടുവിൽ ജനങ്ങളുടെ ഈ ആഗ്രഹം സഫലീകൃതമായത്. രാജ്യത്തിന്റെ നാനാഭാഗത്ത് കേന്ദ്ര സർക്കാരിന്റെ മുതൽമുടക്കിൽത്തന്നെ വിമാനത്താവളങ്ങൾ നിർമ്മിച്ചപ്പോൾ കേന്ദ്രം നമ്മുടെ സംസ്ഥാനത്തോട് എല്ലാ കാര്യത്തിലും കാണിക്കുന്ന ചിറ്റമ്മ നയം തന്നെയാണ് ഇക്കാര്യത്തിലും കൈക്കൊണ്ടിരിക്കുന്നത്. സംഭാവന പിരിച്ചും വായ്പ എടുത്തും ഫണ്ട് സ്വരൂപിച്ചാണ് ഈ വിമാനത്താവളത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയത്. അപ്പോഴും കോഴിക്കോടിന് ചിറക് മുളച്ചുകാണാനുള്ള ജനങ്ങളുടെ അഭിലാഷം അതെല്ലാം സഹിച്ചു. കോഴിക്കോട് വിമാനത്താവളം ഉപയോഗിക്കുന്നവരിൽ ഭൂരിപക്ഷവും സമ്പന്നരോ വ്യവസായികളോ ഒന്നുമല്ല; പിറന്ന മണ്ണിൽ ഉപജീവനത്തിന് യാതൊരു തൊഴിലും ലഭിക്കാത്ത ഹതഭാഗ്യരായ ആയിരക്കണക്കിന് വരുന്ന പാവപ്പെട്ടവരാണ്. ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടി പോകുന്നവരും തിരിച്ചു വരുന്നവരുമാണ് അവർ. പ്രവാസി

LIBRARY ARCHIVES Kerala Legislative Assembly